# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 41

27/09/2011-ൽ മറുപടിക്ക്

## ന്യൂനപക്ഷ സമുദായക്ഷേമം പദ്ധതി

**ചോദ്യം**

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :

**ഉത്തരം**

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും
നഗരകാര്യവും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) ന്യൂനപക്ഷ സമുദായ ക്ഷേമം മുൻനിർത്തി ഈ സർക്കാർ വന്നതിന് ശേഷം നടപ്പാക്കിയ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) മലപ്പുറം ജില്ലയിലെ വേങ്ങര, കാസർഗോഡ് ജില്ലയിലെ കാസർഗോഡ് എന്നിവിടങ്ങളിൽ പുതിയ കോച്ചിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി പലിശരഹിതമാക്കുന്നതിനുള്ള നടപടിയെടുത്തു. കേന്ദ്ര ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ മാതൃകയിൽ സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ രൂപീകരിക്കുന്നതിന് ഉത്തരവായി. |
| (ബി) വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന കേന്ദ്ര-സംസ്ഥാന ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ ഏകജാലകം വഴി ഒരു വകുപ്പിന് കീഴിൽ കൊണ്ട് വന്ന് നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിന് ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ് രൂപീകരിച്ചിട്ടുണ്ട്. ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റിനെ കേന്ദ്ര ന്യൂനപക്ഷ ക്ഷേമകാര്യ മന്ത്രാലയം മുഖേന നടപ്പിലാക്കുന്ന എല്ലാ പദ്ധതികളുടെയും നോഡൽ ഏജൻസിയായി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സെക്രട്ടേറിയറ്റിൽ പൊതുഭരണ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ന്യൂനപക്ഷ ക്ഷേമ വകുപ്പിനെ സ്വതന്ത്ര വകുപ്പാക്കുന്നതിനും വിവിധ വകുപ്പുകളിൽ കൈകാര്യം ചെയ്തുവരുന്ന ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ ഈ വകുപ്പിലേയ്ക്ക് കൊണ്ടു വരുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| (സി) ന്യൂനപക്ഷ സമുദായ ക്ഷേമ വകുപ്പിന്റെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | (സി) ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങളുടെ സംസ്ഥാന തല ഏകോപനവും നിർവ്വഹണവും ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ ചെയ്തുവരുന്നു. പ്രസ്തുത വകുപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) ന്യൂനപക്ഷ സമുദായ ക്ഷേമത്തിനായുള്ള പദ്ധതികളുടെ വിശദാംശങ്ങൾ പൊതുജനങ്ങളിൽ എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) ന്യൂനപക്ഷ സമുദായ ക്ഷേമത്തിനായുള്ള പദ്ധതികളുടെ വിശദാംശങ്ങൾ പൊതുജനങ്ങളിൽ എത്തിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ.**